## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3330** **11.05.2017-ൽ മറുപടിക്ക്**

## എൽ.ഇ.ഡി ബൾബുകളുടെ വിതരണം

| | ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൈദ്യുതി വകുപ്പിന്റെ സെക്ഷനുകൾ വഴി എൽ. ഇ. ഡി ബൾബുകൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ ആർക്കാണ് ഇതിന്റെ ചുമതല; | (എ) | ഉണ്ട്. സംസ്ഥാനത്തെ 768 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്കാണ് ഇതിന്റെ ചുമതല. |
| (ബി) | ഇതിന്റെ വില നിശ്ചയിക്കുന്നത് എങ്ങനെയാണ്; ഈ ബൾബുകൾക്ക് ഗ്യാരണ്ടിയോ വാറണ്ടിയോ നൽകിയിട്ടുണ്ടോ; | (ബി) | നാഷണൽ എൽ.ഇ.ഡി മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ ആണ് പദ്ധതിയ്ക്ക് ആവശ്യമായ എൽ.ഇ.ഡി എത്തിക്കുന്നത്. കേന്ദ്ര പൊതുമേഖലാ സംരംഭമായ ഇ. ഇ .എസ്.എൽ ടെണ്ടർ മുഖാന്തിരം എൽ.ഇ.ഡി-കൾ വാങ്ങുകയും കെ.എസ്.ഇ.ബി-യ്ക്ക് എത്തിച്ചു തരികയും ചെയ്യുന്നു. ഇ.ഇ.എസ്.എൽ അറിയിക്കുന്ന വിലയുടെ അടിസ്ഥാനത്തിലാണ് എൽ.ഇ.ഡി വിതരണത്തിനുള്ള വില നിശ്ചയിക്കുന്നത്. ഈ ബൾബുകൾക്ക് 3 വർഷം വാറണ്ടി ഇ.ഇ.എസ്.എൽ ഉറപ്പ് നൽകിയിട്ടുണ്ട്. |
| (സി) | വൈദ്യുതി ബോർഡിന് ഇലക്ട്രിക് മെറ്റീരിയലുകൾ വാങ്ങുന്നതിന് പർച്ചേസ് കമ്മിറ്റി നിലവിലുണ്ടോ ; അംഗങ്ങൾ ആരെല്ലാമാണ് ; പർച്ചേസ് രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. പർച്ചേഴ്സ് കമ്മിറ്റിയിലെ അംഗങ്ങൾ താഴെ ചേർക്കുന്നു.<br>(1) ചെയർമാൻ & മാനേജിംഗ് ഡയറക്ടർ<br>(2) ഡയറക്ടർ (ഫിനാൻസ്)<br>(3) ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & സേഫ്റ്റി)<br>(4) ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)<br>(5) ഡയറക്ടർ (കോർപ്പറേറ്റ് പ്ലാനിംഗ് & എസ്.സി.എം)<br>(6) ഡയറക്ടർ (ജനറേഷൻ [സിവിൽ] & |

എച്ച്.ആർ.എം)

(7) ചീഫ് എഞ്ചിനിയർ (എസ്.സി.എം)

(8) ഫിനാൻഷ്യൽ അഡ്വൈസർ

കേരള സർക്കാരിന്റെ "സ്റ്റോർ പർച്ചേസ് മാനുവലിൽ" പറഞ്ഞിട്ടുള്ള നടപടികളാണ് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുമ്പോൾ കെ.എസ്.ഇ.ബി.എൽ പാലിച്ചു വരുന്നത്. കൂടാതെ പർച്ചേസുമായി ബന്ധപ്പെട്ട ബോർഡ് ഉത്തരവുകളും പാലിച്ചു വരുന്നു. കേന്ദ്രീകൃത സാധനങ്ങൾ കെ.എസ്.ഇ.ബി.എൽ-ലെ കോർപ്പറേറ്റ് ഓഫീസിലെ ചീഫ് എഞ്ചിനിയർ (എസ്.സി.എം)-ന്റെ ഓഫീസിൽ നിന്നും വികേന്ദ്രീകൃത സാധനങ്ങൾ അതത് മേഖലാ ചീഫ് എഞ്ചിനിയർമാരും വാങ്ങുന്നു. വളരെ അടിയന്തിരമായി ആവശ്യമായ സാധനങ്ങൾ ഫീൽഡ് എഞ്ചിനിയർമാർ അവരുടെ delegation അനുസരിച്ച് വാങ്ങുന്നു.

പ്രസരണ മേഖലയിൽ ആവശ്യമായ സാധന സാമഗ്രികളുടെ പട്ടിക ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ)-ന്റെ പക്കൽ നിന്നും ശേഖരിക്കുകയും വിതരണ മേഖലയിൽ ആവശ്യമായവ എസ്.സി.എം സോഫ്റ്റ്വെയറിൽ നിന്നും ശേഖരിക്കുകയും തുടർന്ന് ഫുൾടൈം ഡയറക്ടർമാർക്കും ബോർഡിനും സമർപ്പിച്ച് അംഗീകാരം വാങ്ങുന്നു. സാങ്കേതിക നിബന്ധനകളും സാമ്പത്തികമായി നിഷ്കർക്കുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ഏകമുഖ/ദ്വിമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. 1 കോടി രൂപ വരെ വരുന്ന പർച്ചേസുകൾക്ക് ഏകമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. ദർഘാസുകൾ പരിശോധിച്ച ശേഷം ധനകാര്യ ഉപദേഷ്ടാവിന്റെ നിർദ്ദേശങ്ങൾ ലഭിച്ച ശേഷം അതത് ചീഫ് എഞ്ചിനിയർമാർ പർച്ചേസ് ഉത്തരവുകൾ നൽകുന്നു.

1 കോടി രൂപക്കുമേൽ വരുന്ന പർച്ചേസുകൾക്ക് ദ്വിമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. കിട്ടുന്ന ദർഘാസുകൾ പരിശോധിച്ച ശേഷം ധനകാര്യ ഉപദേഷ്ടാവിന്റെ നിർദ്ദേശങ്ങളും വാങ്ങി ആവശ്യമുണ്ടെങ്കിൽ നിയമ ഉപദേശവും വാങ്ങി പ്രീ ക്വാളിഫിക്കേഷൻ കമ്മിറ്റിയ്ക്ക് സമർപ്പിക്കുന്നു. അംഗീകാരം കിട്ടിയ ദർഘാസുകളുടെ

| | | | |
|---|---|---|---|
| | | | price bid നിശ്ചിത തീയതികളിൽ ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നു. ഇതിൽ 1.5 കോടി രൂപ വരെയുള്ളവ ധനകാര്യ ഉപദേഷ്ടാവിന്റെ നിർദ്ദേശങ്ങൾ ലഭിച്ചശേഷം അതത് ചീഫ് എഞ്ചിനിയർമാർ പർച്ചേസ് ഉത്തരവുകൾ നൽകുന്നു. 1.5 കോടി രൂപക്കു മേലുള്ളവ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയ്ക്കായി സമർപ്പിക്കുന്നു. അതിനുള്ള അംഗീകാരം ലഭിച്ചാൽ 10 കോടി രൂപ വരെ പർച്ചേസ് ഉത്തരവുകൾ നൽകുന്നു. 10 കോടി രൂപയിൽ മേലുള്ളവ ബോർഡ് ഡയറക്ടർമാരുടെ അനുമതിക്കു വിടുന്നു. ബോർഡിന്റെ അനുമതി ലഭിച്ചശേഷം പർച്ചേസ് ഉത്തരവുകൾ നൽകുന്നു.<br><br>5 ലക്ഷം രൂപയ്ക്കു മേലുള്ള പർച്ചേസുകൾ ഇ-ദർഘാസ് മുഖേനയാണ് വാങ്ങുന്നത്. |
| (ഡി) | നിലവാരമുള്ളതും ഈട് നിൽക്കുന്നതുമായ ഇലക്ട്രിക് മെറ്റീരിയൽ പർച്ചേസ് ചെയ്യുവാൻ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; നിർദ്ദേശം കെ. എസ്. ഇ. ബി പാലിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. കാലാകാലങ്ങളിൽ പരിഷ്കരിക്കുന്ന സാങ്കേതിക നിബന്ധനകളും സാമ്പത്തികമായി നിഷ്കർഷിക്കുന്ന കാര്യങ്ങളും ഉൾപ്പെടുത്തി ഏകമുഖ/ ദ്വിമുഖ ദർഘാസുകൾ ക്ഷണിക്കുന്നു. കിട്ടുന്ന ദർഘാസുകളുടെ സാങ്കേതിക നിബന്ധനകളും വാണിജ്യ നിബന്ധനകളും പരിശോധിക്കുകയും ഇവ രണ്ടും ബോർഡ് നിഷ്കർഷിച്ചിട്ടുള്ളതുപോലെ പാലിച്ചിട്ടുള്ള, കുറവ് വില quote ചെയ്ത കമ്പനിക്ക് പർച്ചേസ് ഉത്തരവുകൾ നൽകുകയും ചെയ്യുന്നു. പർച്ചേസിൽ നിഷ്കർഷിച്ചിട്ടുള്ള സാധന സാമഗ്രികളുടെ ഗുണ പരിശോധന ബോർഡിലെ വിദഗ്ധ എഞ്ചിനിയർമാരെ അയച്ച് പരിശോധിക്കുന്നു. ആവശ്യമുള്ളപക്ഷം സാധനങ്ങൾ ലഭ്യമായ ശേഷവും വീണ്ടും ഗുണ പരിശോധനയ്ക്ക് വിധേയമാകുന്നു. അവരുടെ റിപ്പോർട്ട് പ്രകാരം സാധനങ്ങൾ ഡെലിവർ ചെയ്യാൻ നിർദ്ദേശം കൊടുക്കുന്നു. |

Kemalella

**സെക്ഷൻ ഓഫീസർ**